# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3196** **15.12.2015-ൽ മറുപടിക്ക്**

## ദേശീയപാതകളുടെ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.അജിത് | | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി കഴിഞ്ഞ 5 വർഷമായി ചെലവഴിച്ച തുക എത്രയെന്നും ഈ തുക മുഴുവൻ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി കഴിഞ്ഞ 5 വർഷം 1095.18 കോടി രൂപ ചെലവഴിച്ചു. ഇതിൽ കേന്ദ്ര സർക്കാരിന്റെ പേ ആന്റ് അക്കൗണ്ട് ഓഫീസർ നിരസിച്ച 68.10 കോടി രൂപയും, സി.ആർ.എഫിൽ നിന്നും ലഭിക്കാനുള്ള 98.05 കോടി രൂപയും ഒഴികെയുള്ള തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചു. |
| (ബി) | സംസ്ഥാനത്തെ ദേശീയപാതകൾ ഏതൊക്കെയെന്നും ഈ പാതകൾക്കായി കഴിഞ്ഞ 5 വർഷമായി ചെലവഴിച്ച തുകയും പ്രത്യേകം വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാനത്തെ ദേശീയപാതകൾ എൻ.എച്ച്.-17, എൻ.എച്ച്-47, എൻ.എച്ച്.-49, എൻ.എച്ച്.-208, എൻ.എച്ച്.-212, എൻ.എച്ച്.-213, എൻ.എച്ച്.-220 എന്നിവയാണ്. ദേശീയപാതകളുടെ വികസനത്തിനായി കഴിഞ്ഞ 5 വർഷമായി 1095.18 കോടി രൂപ ചെലവഴിച്ചു. |
| (സി) | ഏതൊക്കെ ദേശീയ പാതകളാണ് നാലുവരിപാതകൾ ആക്കുന്നതെന്നും ഓരോന്നിനും ചെലവഴിക്കുന്ന തുക എത്രയെന്നും പദ്ധതി പുരോഗതി എത്രയെന്നും ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ ? | (സി) | സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയ പാതകളായ എൻ.എച്ച്.-17, എൻ.എച്ച്-47 എന്നിവ നാലുവരിപ്പാതയായി വികസിപ്പിക്കുന്നത് കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി ഫേയസ്- 2 & 3-ൽ ഉൾപ്പെടുത്തി ദേശീയപാത വികസന അതോറിറ്റി മുഖാന്തിരമാണ്. ഇതിനാവശ്യമായ 1434.01 ഹെക്ടർ സ്ഥലത്തിൽ 205.54 ഹെക്ടർ ഇപ്പോൾ ഏറ്റെടുത്തിട്ടുണ്ട്. ഇപ്പോൾ ഇതിന്റെ പുതുക്കിയ ഡി.പി.ആർ തയ്യാറാക്കാനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരികയാണ്. ഡി.പി.ആർ തയ്യാറാകുമ്പോൾ മാത്രമേ സ്ഥലമെടുപ്പിനെ സംബന്ധിച്ച് വിശദവിവരം ലഭ്യമാകുകയുള്ളൂ. മറ്റ് ദേശീയപാതകളുടെ |

വികസനത്തിനാവാശ്യമായ സ്ഥലത്തിന്റെ വിശദാംശങ്ങൾ ഡി.പി.ആർ. പൂർത്തീകരിച്ച ശേഷമേ അറിയുവാൻ കഴിയുകയുള്ളൂ. ഡി.പി.ആർ തയ്യാറാക്കി അംഗീകാരം ലഭിച്ചശേഷമേ ആവശ്യമായ തുകയുടെ വിശദാംശം ലഭ്യമാകുകയുള്ളൂ.

സെക്ഷൻ ഓഫീസർ